നബാർഡിന്റെ നിർമ്മാണ പ്രവൃത്തികൾ

269 (4020) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷം നബാർഡ് വഴി പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണം നടത്തുന്നതിനായി കൊല്ലം ജില്ലയിൽ അനുവാദം ലഭിച്ചതോ അനുവാദത്തിനായി ശിപാർശ നൽകിയിട്ടുള്ളതോ ആയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) 2015-16 വർഷം സെൻട്രൽ റോഡ് ഫണ്ടിലേക്ക് ജില്ലയിൽ നിന്നും എത്ര റോഡുകൾ നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി കേന്ദ്ര സർക്കാരിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിനുള്ള ഈ വർഷത്തെ നബാർഡ് അലോക്കേഷൻ ആയിട്ടില്ല.

(ബി) സെൻട്രൽ റോഡ് ഫണ്ടിൽ ഈ സാമ്പത്തിക വർഷം അലോക്കേഷൻ ആയിട്ടില്ല.

ചെങ്ങന്നൂർ മണ്ഡലത്തിലെ റോഡ് നവീകരണം

270 (4021) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെങ്ങന്നൂർനിയോജക മണ്ഡലത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നവീകരണത്തിനായി ചെലവഴിച്ചിട്ടുള്ള തുക എത്രയെന്ന് സാമ്പത്തികവർഷം തിരിച്ച് പ്രവൃത്തികളുടെ പേരുവിവരം സഹിതം വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചത്, ഇനിയും പൂർത്തീകരിക്കുവാനുള്ളത്, ആരംഭിക്കുവാനുള്ളത് ഏതൊക്കെയെന്ന് ഭരണാനുമതി ഉത്തരവ് പകർപ്പ് സഹിതം വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം* ഉള്ളടക്കം ചെയ്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഗവൺമെന്റ് ഹോസ്പിറ്റൽ റോഡ് ഒഴികെയുള്ള മറ്റ് എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ഭരണാനുമതി നൽകിയ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി *ഉള്ളടക്കം ചെയ്തിരിക്കുന്നു. ഇതുകൂടാതെ സ.ഉ.(എംഎസ്.) 61/2015/പൊ.മ.വ. dt. 14-7-2015 പ്രകാരം 45 പ്രവൃത്തികൾക്കായി 3.88 കോടി രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. (അനുബന്ധം-III)

പൊതുമരാമത്ത് പണികൾക്ക് ഭൂമി ഏറ്റെടുക്കാൻ പദ്ധതി

271 (4022) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പണികൾക്ക് ഭൂമി ഏറ്റെടുക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-ഡി) 1-1-2014 മുതൽ നടപ്പിലാക്കിയ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ സംസ്ഥാന സർക്കാർ തയ്യാറാക്കി അംഗീകരിക്കുന്നതിനുള്ള കാലതാമസംമൂലം പൊതുമരാമത്ത് വകുപ്പിന്റെ അടിയന്തിര പ്രാധാന്യമുള്ള പ്രവൃത്തികൾക്കുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നെഗോഷിയേറ്റഡ് പർച്ചേസ് മുഖേന നടപ്പിലാക്കാൻ 30-4-2015-ലെ സ.ഉ. (സാധാ) നമ്പർ 2271/15/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. ജില്ലാ കളക്ടർമാർക്ക് നെഗോഷിയേറ്റഡ് പർച്ചേസിനുള്ള അധികാരം നൽകി ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly